യാത്രക്കാർക്കുവേണ്ടി സീറ്റ് ഒഴിച്ചിട്ട് സർവ്വീസ് നടത്താൻ കഴിയില്ല. ഏതവസരത്തിലും കണ്ടക്ടർ സീറ്റിന് സമാന്തരമായി വലതുവശത്തുള്ള മൂന്നുപേർക്കിരിക്കാവുന്ന സീറ്റിൽ പുരുഷൻമാർ ഇരിക്കുകയാണെങ്കിൽ അവരെ മാറ്റി സ്ത്രീകൾക്ക് നൽകുന്നതാണ്. 25% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ടാണ് ആ സീറ്റിൽ ഇരിക്കുന്ന പുരുഷൻമാരോട് കണ്ടക്ടർ അഭ്യർത്ഥിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ചാണ് ഒരേ സർക്കുലറിൽ രണ്ടു കാര്യങ്ങളും വ്യവസ്ഥചെയ്തിരിക്കുന്നത്.

(എഫ്) ഇല്ല.

(ജി) ബന്ധപ്പെട്ട സർക്കുലറിൽ വൈരുദ്ധ്യങ്ങളില്ല.

(എച്ച്) പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഈ കാര്യം പരമാവധി പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

98(1922)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കരാർ എന്ന് മുതൽക്കാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പുതുക്കിയ ശമ്പള നിരക്കുകൾ എന്നുമുതൽക്കാണ് ജീവനക്കാർക്ക് നൽകിയത്;

(സി) ഈ ഇനത്തിൽ ജീവനക്കാർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തുക എന്നേയ്ക്ക് നൽകാനാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1.3.1997 മുതൽക്ക് പ്രാബല്യത്തിൽ വന്നു.

(ബി) 1.11.1999 മുതൽക്ക് പുതുക്കിയ നിരക്കിൽ ശമ്പളം നൽകി.

(സി) ഉണ്ട്.

(ഡി) കുടിശ്ശിക തുക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുമെന്നതാണ് കരാറിലെ വ്യവസ്ഥ. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

കണ്ണൂർ ജില്ലയിലെ പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ

99 (1923)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പുതിയ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) തലശ്ശേരി-കൂത്തുപറമ്പ്-വേങ്ങോട്-കീഴില്ലൂർ-മട്ടന്നൂർ-മാമാനത്തമ്പലം ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) 59 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഏതൊക്കെ സർവ്വീസുകളാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഒരു സർവ്വീസ് നിലവിലുണ്ട്. കണ്ണൂർ കോളയാട് എന്ന സർവ്വീസാണത്.

(സി) ഉണ്ട്. ഈ റൂട്ട് ദേശസാൽകൃത മേഖലയിലില്ലാത്തതിനാലും ബസ്സുകൾ കുറവായതു കാരണവും പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

കെ.എസ്.ആർ.ടി.സി. ബോർഡിലെ അംഗങ്ങൾ

100(1924)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിൽ എത്ര അംഗങ്ങൾ ഉണ്ട്;

(ബി) ഇവർ ആരൊക്കെയാണ്; ഇതിൽ സർക്കാർ ഉദ്യോഗസ്ഥർ, നോൺ ഓഫീഷ്യൽ അംഗങ്ങൾ എന്നിവർ ആരെല്ലാമാണ്;

(സി) ഓരോ വിഭാഗത്തിലും അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഡി) അർദ്ധ സർക്കാർ, ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ ഉദ്യോഗസ്ഥർക്ക് ബോർഡ് അംഗങ്ങളാകുവാൻ വ്യവസ്ഥ ഉണ്ടോ;

(ഇ) ഓട്ടോണമസ് ബോഡിയായ അനർട്ട്-ന്റെ ഡയറക്ടറെ ബോർഡ് അംഗങ്ങളാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ അംഗമാക്കിയത്;

(എഫ്) അദ്ദേഹത്തിനെതിരെ വിജിലൻസ് കേസ്സ് എപ്പോഴെങ്കിലും നിലവിലുണ്ടായിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസ്സുകൾ;

(ജി) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് ആരെയെങ്കിലും നിയമിക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ആരെയാണ് ശുപാർശ ചെയ്തിരിക്കുന്നത്; അദ്ദേഹത്തിന്റെ യോഗ്യത, മുൻപരിചയം എന്നിവ വെളിപ്പെടുത്തുമോ;

(എച്ച്) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് ആരാണ്; ഈ തസ്തികയിലേക്കുള്ള നിയമനരീതി വിശദീകരിക്കുമോ; ഇവ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഐ) കെ.എസ്.ആർ.ടി.സി.യിലെ ഏതൊക്കെ തസ്തികകളിലേയ്ക്ക് സർക്കാരിന് നേരിട്ട് നിയമനം നടത്താമെന്ന് അറിയിക്കുമോ; മറ്റ് തസ്തികക

† ആനുബന്ധം - XIV

LIBRARY ARCHIVES Kerala Legislative Assembly